"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), മനിശ്ശേരി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്), എറണാകുളം ജില്ലയിലെ ആലുവ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്), ആലപ്പുഴ ജില്ലയിലെ ചേർത്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ഗേൾസ്) എന്നിവ ഉന്നതി സ്കീമിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.103/2024/SCSTD തീയതി,തിരുവനന്തപുരം, 28-02-2024

---

പരാമർശം:-

1. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 8.01.2023-ന് ചേർന്ന യോഗത്തിലെ തീരുമാനം.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 10/1/2024-ലെ SCDD/5010/2022-C3 (EDN C) Part (1) നം നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ KIIFB ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), എറണാകുളം ജില്ലയിലെ ആലുവ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്), ആലപ്പുഴ ജില്ലയിലെ ചേർത്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ഗേൾസ്), പാലക്കാട് ജില്ലയിലെ മനിശ്ശേരി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്) എന്നിവ ഉന്നതി എംപവർമെന്റ് സൊസൈറ്റി മുഖേന പ്രവർത്തനം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ധാരണയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

2. മേല്പറഞ്ഞ നാല് ഹോസ്റ്റലുകളും പ്രവർത്തനം ആരംഭിക്കുന്നതിന് ആകെ 4,26,90,880/-രൂപ (നാലു കോടി ഇരുപത്തിയാറു ലക്ഷത്തി തൊണ്ണൂറായിരത്തി എണ്ണൂറ്റി എൺപതു രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നതായും പ്രസ്തുത ഹോസ്റ്റലുകളിൽ ആദ്യഘട്ടത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 2,42,00,000/- രൂപ(രണ്ടു കോടി നാൽപത്തിരണ്ടു ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. അതോടൊപ്പം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയതിനു ശേഷം ഉന്നതി എംപവർമെന്റ് സൊസൈറ്റി മുഖേന ജീവനക്കാർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു എസ്.സി സ്റ്റാർട്ടപ്പുകളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, KIIFB ഫണ്ട്

വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), എറണാകുളം ജില്ലയിലെ ആലുവ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്), പാലക്കാട് ജില്ലയിലെ മനിശ്ശേരി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ബോയ്സ്), ആലപ്പുഴ ജില്ലയിലെ ചേർത്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ഗേൾസ്) എന്നിവ ഉന്നതി എംപവർമെന്റ് സൊസൈറ്റി മുഖേന പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരം സമർപ്പിച്ച 4,26,90,880/- (നാലു കോടി ഇരുപത്തിയാറു ലക്ഷത്തി തൊണ്ണൂറായിരത്തി എണ്ണൂറ്റി എൺപതു രൂപ മാത്രം) രൂപയുടെ പ്രൊപ്പോസലിന് അനുമതി നൽകി ഉത്തരവാകുന്നു. അതോടൊപ്പം പ്രസ്തുത തുകയിൽ നിന്നും ഹോസ്റ്റലുകളിൽ ഫർണിച്ചർ, ബെഡ്, പില്ലോ, ബെഡ്ഷീറ്റ്, അടുക്കള ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 2,42,00,000/- രൂപ (രണ്ടു കോടി നാൽപത്തിരണ്ടു ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ടും, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയതിനു ശേഷം ഉന്നതി എംപവർമെന്റ് സൊസൈറ്റി മുഖേന ജീവനക്കാരെ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു എസ്.സി സ്റ്റാർട്ടപ്പുകളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

3. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ 2,42,00,000/- രൂപ (രണ്ടു കോടി നാൽപത്തിരണ്ടു ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2225-01-277-57-34(P) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

4. പട്ടികജാതി വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടറെ (വിദ്യാഭ്യാസം) ടി പ്രവൃത്തിയുടെ നോഡൽ ഓഫീസറായി നിയമിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം),പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,.എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreelekha. G.
Date: 28-02-2024 15:08:20
സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.